# NIRMALAGIRI COLLEGE, KUTHUPARAMBA
## UG ADMISSION 2021-22
### കമ്മ്യൂണിറ്റി മെറിറ്റ് അപേക്ഷ സമർപ്പിക്കുവാനുള്ള  നിർദേശങ്ങൾ

1. റോമൻ കാത്തലിക് സീറോ മലബാർ ക്രിസ്ത്യൻ കമ്മ്യൂണിറ്റിയിൽ (RCSC) ഉൾപ്പെടുന്നവരാണ് നിർമലഗിരി കോളേജിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷിക്കേണ്ടത്.
2. അപേക്ഷകൾ ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. അപേക്ഷയ്ക്ക് പ്രത്യേകം ഫീസ് അടയ്ക്കേണ്ടതില്ല. രജിസ്ട്രേഷൻ ഫോം വിദ്യാർത്ഥിയുടെ പേരിലുള്ള ഇമെയിൽ ID ഉപയോഗിച്ച് ഓപ്പൺ ചെയ്യുക.
3. ഓരോ വിഷയത്തിലും മൊത്തം സീറ്റിന്റെ 10 ശതമാനമാണ് കമ്മ്യൂണിറ്റി ക്വാട്ടയിൽ ഉള്ളത്. പ്രവേശനം പൂർണമായും മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും.
4. കോളേജിൽ ലഭിക്കുന്ന അപേക്ഷകരിൽ നിന്ന് ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി കോളേജ്  വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
5. കമ്മ്യൂണിറ്റി മെറിറ്റിൽ പ്രവേശനം ലഭിക്കുന്നവർ അഡ്മിഷൻ സമയത്ത് പാരിഷ് പ്രീസ്റ്റ് അല്ലെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
6. കണ്ണൂർ യൂണിവേഴ്സിറ്റി അഡ്മിഷൻ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ശേഷം മാത്രമേ കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ.
7. യൂണിവേഴ്സിറ്റി അപേക്ഷയിൽ നിർമലഗിരി കോളേജിലെ ഏതൊക്കെ വിഷയങ്ങൾക്കാണോ  അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ആ വിഷയങ്ങൾക്ക് മാത്രമേ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ലഭിക്കുകയുള്ളൂ. പ്രസ്തുത വിഷയങ്ങളുടെ ഇൻഡക്സ് മാർക്കുകൾ മാത്രമേ കമ്മ്യൂണിറ്റി അപേക്ഷയിൽ നൽകാവൂ.
8. ഓരോ വിഷയത്തിനും ലഭിക്കുന്ന ഇൻഡക്സ് മാർക്ക് യൂണിവേഴ്സിറ്റി അപ്ലിക്കേഷൻ പ്രിന്റൗട്ടിൽ ലഭിക്കും
9. കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒന്നിൽ കൂടുതൽ അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല.
10. അപേക്ഷയിൽ 4 സെക്ഷനുകൾ ഉണ്ട്. ഓരോ സെക്ഷനും വെരിഫൈ ചെയ്തശേഷം മാത്രമേ അടുത്ത സെക്ഷനിലേക്കു പോകാവൂ.  അപേക്ഷ എഡിറ്റ് ചെയ്യുവാൻ സാധ്യമല്ല.
11. അപേക്ഷയോടൊപ്പം യൂണിവേഴ്സിറ്റി ആപ്ലിക്കേഷൻ പ്രിന്റൗട്ടിന്റെ മുഴുവൻ പേജുകളും (സ്കാൻഡ് കോപ്പി -PDF) അപ്ലോഡ് ചെയ്യേണ്ടതാണ്. അപ്ലോഡ് ചെയ്യുന്ന ഫയലുകൾ പൂർണവും വ്യക്തവും ആയിരിക്കണം.
12. കമ്മ്യൂണിറ്റി ക്വാട്ട രജിസ്ട്രേഷന്റെ ഒരു കോപ്പി ഇമെയിലിൽ ലഭിക്കും. ഇമെയിൽ ലഭിച്ചെങ്കിൽ മാത്രമേ അപേക്ഷ സമർപ്പിക്കപ്പെടുകയുള്ളൂ. അപേക്ഷയിൽ കൊടുക്കുന്ന ഇമെയിൽ അഡ്രസ് ശരിയാണെന്ന് ഉറപ്പു വരുത്തുക. അപേക്ഷ സമർപ്പിച്ചു 5 മിനുട്ടിനുള്ളിൽ ഇമെയിൽ ലഭിച്ചില്ലെങ്കിൽ ഹെല്പ് ലൈൻ നമ്പറിൽ വിളിക്കുക. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമെങ്കിൽ അന്നുതന്നെ ഹെല്പ് ലൈൻ നമ്പറിൽ വിളിക്കേണ്ടതാണ്.
13. കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷ സമർപ്പിയ്ക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും പേരും രജിസ്റ്റർ നമ്പറും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ അവസാനിച്ചാൽ ഉടൻതന്നെ കോളേജ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രസ്തുത ലിസ്റ്റിൽ പേരുണ്ടെന്ന് എല്ലാ വിദ്യാർത്ഥികളും  ഉറപ്പുവരുത്തേണ്ടതാണ്.

## Admission Helpline

- **Fr. Martin Joseph (Assistant Professor & Head, Dept. of Malayalam), Mob: 9495125827**
- **Sri. Manu K M (Assistant Professor, Dept. of Economics), Mob: 9847240383**

**Register Now : https://nirmalagiricollege.ac.in/academics/admission**

*Tuesday, August 10, 2021*